നീലേശ്വരം പള്ളിക്കര മേൽപ്പാലം നിർമ്മാണം

157(2798) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ലെ നീലേശ്വരം പള്ളിക്കര മേൽപ്പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ദേശീയപാത 66-ലെ പള്ളിക്കര മേൽപ്പാലം നിർമ്മിക്കുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം സ്വീകരിച്ചുവരുന്നു.

മെക്കാഡം റോഡുകളുടെ ആയുർദൈർഘ്യം

158(2799) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെക്കാഡം റോഡുകളുടെ കാലാവധി എത്രയെന്നും ഇതിനായി ചെലവഴിക്കുന്ന തുകയുടെ വർദ്ധനവിന് അനുസൃതമായി ഈ പ്രവൃത്തി ഈടുനിൽക്കുന്നതാണോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2602-4.2 പ്രകാരം ബിറ്റുമിനസ് മെക്കാഡവും ആസ്ഫാൾട്ടിക് കോൺക്രീറ്റും ഉപയോഗിച്ച് റോഡുകളുടെ ഉപരിതലം നന്നാക്കൽ പ്രവൃത്തി ഏഴ വർഷത്തിലൊരിക്കലാണ് ചെയ്യേണ്ടത്. MoRTH Specification നിഷ്കർഷിക്കുന്ന രീതിയിൽ ഗുണനിലവാരം പാലിച്ചുകൊണ്ട് പൂർത്തീകരിക്കുന്ന റോഡുകൾ ഈടുനിൽക്കുന്നതാണ്.

തലശ്ശേരി-അഞ്ചരക്കണ്ടി റോഡിലെ ചേങ്ങപ്പാലം പുനർനിർമ്മാണം

159(2800) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-അഞ്ചരക്കണ്ടി റോഡിലെ ചേങ്ങപ്പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പാലം നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിവരുന്നു. ഡിസൈൻ ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

1437/2018.

LIBRARY ARCHIVES Kerala Legislative Assembly